(ബി) സ്ഥല സൗകര്യമില്ലാതെ പ്രയാസപ്പെടുന്ന പ്രസ്തുത സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്കൂളിന് ലാബ് സൗകര്യമില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലാബ് ഉപകരണങ്ങൾ എത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയ കെട്ടിട നിർമ്മാണത്തിനുള്ള നടപടികളൊന്നും ഇപ്പോൾ നടക്കുന്നില്ല.

(ബി) കെട്ടിട നിർമ്മാണത്തിന് ഫണ്ട് ലഭ്യമല്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുന്ദമംഗലം ഹയർ സെക്കണ്ടറി സ്കൂളിൽ അഡ്ഡീഷണൽ ബാച്ച് അനുവദിക്കാൻ നടപടി

52 [2269] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളിൽ അഡ്ഡീഷണൽ ബാച്ച് അനുവദിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കുന്ദമംഗലം എച്ച്.എസ്.എസ്., കുറ്റിക്കാട്ടൂർ ജി.എച്ച്.എസ്.എസ്., മാവൂർ ജി. എച്ച്.എസ്.എസ്. എന്നിവിടങ്ങളിലേക്ക് അഡ്ഡീഷണൽ ബാച്ച് (സയൻസ്) കിട്ടുന്നതിന് അപേക്ഷിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ എടുത്ത നടപടി വിശദമാക്കാമോ?

ഉത്തരം

(എ) കുന്ദമംഗലം എച്ച്.എസ്.എസ്., കുറ്റിക്കാട്ടൂർ ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിൽ നിന്നുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. മാവൂർ ജി.എച്ച്.എസ്.എസിൽ നിന്നും അപേക്ഷ ലഭിച്ചതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപേക്ഷ ലഭിച്ച സ്കൂളുകൾ ഉൾപ്പെടെ നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ അഡീഷണൽ ബാച്ച് അനുവദിക്കുന്ന കാര്യത്തിന്മേൽ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

വി.എച്ച്.എസ്.സി.-യുടെ എല്ലാ കോഴ്സുകൾക്കും പി.എസ്.സി.-യുടെ അംഗീകാരം നൽകാൻ നടപടി

53 [2270] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിഷയങ്ങളിലാണ് വി.എച്ച്.എസ്.സി. കോഴ്സ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വി.എച്ച്.എസ്.സി. കോഴ്സുകളിൽ ഏതെല്ലാം വിഷയങ്ങൾ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പി.എസ്.സി. എല്ലാ കോഴ്സുകൾക്കും അംഗീകാരം നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 42 വിഷയങ്ങളിലാണ് വി.എച്ച്.എസ്.ഇ. കോഴ്സുകൾ നടത്തുന്നത്. കോഴ്സുകളുടെ പൂർണ്ണ വിവരം അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.†

(ബി) പി.എസ്.സി. അംഗീകരിച്ചിട്ടുള്ള വി.എച്ച്.എസ്.ഇ. വിഷയങ്ങൾ താഴെപ്പറയുന്നവയാണ്.

1. അഗ്രിക്കൾച്ചർ (പ്ലാന്റ് പ്രൊട്ടക്ഷൻ)
2. അഗ്രിക്കൾച്ചർ (ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്)
3. അഗ്രിക്കൾച്ചർ (നേഴ്സറി മാനേജ്മെന്റ് ആന്റ് ഓർണമെന്റൽ ഗാർഡനിംഗ്)
4. അഗ്രിക്കൾച്ചർ (സെറിക്കൾച്ചർ)
5. ഇ.സി.ജി. ആന്റ് ആഡിയോമെട്രിക് ടെക്നീഷ്യൻ.
6. ക്ലോത്തിംഗ് ആന്റ് എംബ്രോയിഡറി.
7. ഫിസിക്കൽ എഡ്യൂക്കേഷൻ.
8. ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് (പൗൾട്രി)
9. ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് (ഡയറിയിംഗ്)

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly